**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4386** **06-03-2023 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ വ്യവസായ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര സ്വകാര്യ വ്യവസായ പാർക്കുകളാണ് പ്രവർത്തിക്കുന്നതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് നിലവിൽ 8 സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്കാണ് ഡെവലപ്പർ പെർമിറ്റ് നൽകിയത്. ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.<br><br>**Kannur**<br><br>M/s. VMPS Food Park & Ventures<br><br>**Malappuram**<br><br>M/s. Malabar Enterprises<br><br>**Kottayam**<br><br>1. M/s Indian Virgin Spices (P) Ltd.<br><br>2. M/s. Jacob & Richard International (P) Limited.<br><br>3. M/s. Sance Steriles (P) Limited.<br><br>**Palakkad**<br><br>M/s. Kadambur Industrial Park (for constructing Standard Design Factory)<br><br>**Pathanamthitta**<br><br>1. M/s Delta Aggregates and Sand (P) Limited.<br><br>2. M/s. Pathanamthitta Industrial Promotion (P) Limited. |
| (ബി) | സ്വകാര്യ വ്യവസായ പാർക്കുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാന ബഡ്ജറ്റിൽ എത്ര രൂപയാണ് നീക്കി | (ബി) | സ്വകാര്യ വ്യവസായ പാർക്കുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാന ബഡ്ജറ്റിൽ 700 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | വച്ചിരുന്നതെന്നും ഇതിൽ എത്ര രൂപയാണ് ഇതിനോടകം ചെലവാക്കിയിട്ടുള്ളതെന്നും ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | | ആയതിൽ 132 ലക്ഷം രൂപ നടപ്പ സാമ്പത്തിക വർഷം വിനിയോഗിക്കുന്നതിന് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഡെവലപ്പർ പെർമിറ്റ് അനുവദിച്ച സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് റീ-ഇമ്പേഴ്സ്മെന്റ് വ്യവസ്ഥയിൽ ധനസഹായം അനുവദിക്കുന്നതാണ്. |
| (സി) | സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സ്വകാര്യ വ്യവസായ പാർക്കുകൾ മുഖേന എത്ര പുതിയ തൊഴിലവസരങ്ങളാണ് പുതുതായി സൃഷ്ടിക്കപ്പെട്ടതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (സി) | ഡെവലപ്പർ പെർമിറ്റ് അനുവദിച്ച സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് സംരംഭങ്ങൾ തുടങ്ങുന്ന മുറയ്ക്ക് മാത്രമേ സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെ കണക്ക് തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ